**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2979** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് തീരദേശ റോഡുകളുടെ നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള ആറാട്ടുപുഴ-കാർത്തികപ്പള്ളി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന പിള്ളക്കടവ് മുതൽ ധന്യ ഓഡിറ്റോറിയം വരെയുള്ള റോഡ്, കന്നുകാലിപ്പാലം തപസ്യ ജംഗ്ഷൻ റോഡ്, കുമാരപുരം പഞ്ചായത്തിലെ വാർഡ് 8, 9, 10 കടന്നുപോകുന്ന ചെമ്പം പടിക്കൽ ഉണിക്കാന്ത്ര റോഡ് എന്നീ വർക്കുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ പിള്ളക്കടവ് മുതൽ ധന്യ ഓഡിറ്റോറിയം റോഡിന് 76.90 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾക്കു ശേഷം കരാറിൽ ഏർപ്പെട്ട് 04.02.2022 ൽ കരാറുകാരന് സൈറ്റ് കൈമാറിയിരുന്നുവെങ്കിലും ക്വാറിയിൽ നിന്നുള്ള മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ് മൂലവും, റോഡ് പൊളിച്ച് WMM പ്രവൃത്തി ഏർപ്പാടാക്കിയാലും മഴയ്ക്ക് മുൻപ് ടാറിംഗ് പ്രവൃത്തികൾ തീർക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാലും നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1650 മീറ്റർ നീളത്തിൽ Wet Mix Macadam വിരിച്ച് ടാറിംഗ് ചെയ്യുന്നതിനും ചപ്പാത്ത് നിർമ്മിക്കുന്ന തിനുമാണ് ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മഴക്കാലം കഴിഞ്ഞാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>കരുവാറ്റ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 15 ലെ കന്നുകാലിപ്പാലം തപസ്യ ജംഗ്ഷൻ - ബ്രദേഴ്സ് കടവ് റോഡിന് 72.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾക്കുശേഷം കരാറിൽ ഏർപ്പെട്ട് 05-04-2022 ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. 1350 മീറ്റർ നീളം റോഡ് Wet Mix Macadam വിരിച്ച് ടാറിംഗ് ചെയ്യുന്നതിനും കൾവർട്ട്, റീട്ടെയ്നിംഗ് വാൾ മുതലായവ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളാണ് ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ക്വാറിയിൽ നിന്നുള്ള മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ് മൂലവും, മഴ ആരംഭിച്ചതിനാൽ റോഡ് പൊളിച്ചിടുന്നത് അഭികാമ്യ മല്ലാത്തതിനാലും നിലവിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. മഴ മാറിയാലുടൻ പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 14/05/2020 തീയതിയിലെ സ.ഉ.(സാധാ) നം.253/2020/മ.ഉ.വ പ്രകാരം ഭരണാനുമതി നൽകിയ കുമാരപുരം പഞ്ചായത്തിലെ ചെമ്പൻ പടിക്കാവ് കുരിശുമൂട് വാലേൽക്കടവ് റോഡും കുമാരപുരം പഞ്ചായത്തിലെ വാർഡ് 8, 9, 10 കടന്നു പോകുന്ന ചെമ്പം പടിക്കൽ ഉണ്ണിക്കാന്ത്ര റോഡും ഒന്നുതന്നെയാണ്.<br><br>82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കുമാരപുരം പഞ്ചായത്തിലെ ചെമ്പൻപടിക്കാവ് കുരിശുമൂട് ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ റീട്ടെയ്നിംഗ് വാൾ, ഡ്രെയിൻ, ഫില്ലിംഗ്, 1740 മീറ്റർ നീളത്തിലുള്ള റോഡ് Wet Mix Macadam വിരിച്ച് ടാറിംഗ് മുതലായ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. ടി പ്രവൃത്തിയുടെ സൈറ്റ് 31-12-2020 ൽ കരാറുകാരന് കൈമാറിയിട്ടുള്ളതും Wet Mix Macadam വരെയുള്ള പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. Wet Mix Macadam പ്രവൃത്തി 20-05-2022 ൽ പൂർത്തീകരിച്ചെങ്കിലും മഴ തുടങ്ങിയ സാഹചര്യത്തിൽ ടാറിംഗ് പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിന് സാധിച്ചിട്ടില്ല. ടാറിംഗിനാവശ്യമായ മെറ്റീരിയൽസ് കരാറുകാരൻ സൈറ്റിൽ ശേഖരിച്ചിട്ടുണ്ട്. മഴ മാറി റോഡ് പ്രതലം ഉണങ്ങിയതിനുശേഷം ടാറിംഗ് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്.<br><br>കൂടാതെ റോഡിന്റെ Wet Mix Macadam ചെയ്ത ചില ഭാഗങ്ങളിൽ വാഹന ഗതാഗം മൂലം ഇളകിപ്പോകുന്ന മെറ്റൽ റോളർ ഉപയോഗിച്ച് ഉറപ്പിക്കുന്നതിനുള്ള നിർദ്ദേശവും കരാറുകാരന് നൽകിയിട്ടുണ്ട്. |
| (ബി) | ഉണിക്കാന്ത്ര റോഡ് നിർമ്മാണത്തിനായി കുത്തിപ്പൊളിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ടാർ ചെയ്യുന്നതിനുള്ള വസ്തുക്കൾ സൈറ്റിൽ ശേഖരിച്ചിട്ടുണ്ട്. മഴ മാറി പ്രതലം ഉണങ്ങിയാലുടൻ ടാറിംഗ് നടത്തി റോഡ് ഗതാഗത യോഗ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ